# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4690 22.03.2018-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. ഏജന്റുമാർ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ ബിസിനസ് പ്രൊമോഷനുവേണ്ടി ഏജന്റുമാരെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര ഏജന്റുമാരാണ് ഉള്ളത്; ഒരു ബ്രാഞ്ചിൽ ശരാശരി എത്രപേരുണ്ട്; | (എ) | ഉണ്ട്, മൊത്തം 6149 ഏജന്റുമാരെ നിയമിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നവർ 2594 പേരാണ്. ശരാശരി ഒരു ബ്രാഞ്ചിൽ 5 ഓളം പേരുണ്ട്. |
| (ബി) | ഇവരുടെ സേവന വേതന വ്യവസ്ഥ എന്തൊക്കെയാണ്; ഇവർക്ക് നൽകിവരുന്ന കമ്മീഷൻ എത്ര രൂപയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **<u>ചിട്ടിയിൽ പുതിയ ഒരു ഇടപാട്ടുകാരനെ ചേർക്കുന്നതിന്റെ കാൻവാസിംഗ് കമ്മീഷൻ</u>**<br>5000 രൂപ വരെ - 15%<br>5000/- രൂപ മുതൽ 10000/- രൂപ വരെ -12%<br>10000/- രൂപയ്ക്ക് മുകളിൽ - 10%<br>(40 മാസത്തിൽ താഴെ കാലാവധി)<br>ഒരു ചിട്ടിയിൽ 25% ത്തിൽ കൂടുതൽ വരിക്കാരെ ചേർക്കുന്നതിന് - 2 % ബോണസ് കമ്മീഷൻ<br>ഒരു പാദ വർഷത്തിൽ 50 ചിട്ടി വരിക്കാരെ ചേർക്കുന്ന ഏജന്റിന് പ്രതിമാസം ' 1000' രൂപ അധിക കമ്മീഷൻ<br>**<u>പ്രതിമാസ വരി സംഖ്യ പിരിക്കുന്നതിന്റെ ഡോർ കളക്ഷൻകമ്മീഷൻ</u>**<br>10 ലക്ഷം രൂപ വരെ - 1.5%<br>10 ലക്ഷത്തിന് മുകളിൽ – 1% 18 ലക്ഷം വരെ — 10000 /- രൂപയ്ക്ക് മുകളിൽ കാഷ് പിരിവ് - 3/4 %<br>18 ലക്ഷത്തിന് മുകളിൽ - 1/2% — 10000 /- രൂപയ്ക്ക് മുകളിൽ കാഷ് പിരിവ് - 3/4 % |

| | | | |
|---|---|---|---|
| (സി) | കെ.എസ്.എഫ്.ഇ. ഏജന്റുമാർക്ക് നിലവിൽ ജോലിസ്ഥിരതയോ ഇ.പി.എഫ്., ഇ.എസ്.ഐ. എന്നീ ആനുകൂല്യങ്ങളോ നൽകുന്നുണ്ടോ; ഇവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | കെ.എസ്.എഫ്.ഇ യിൽ ഏജന്റുമാർ കമ്മീഷൻ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ അവർക്ക് ഇ.പി.എഫ്, ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയില്ല. |
| (ഡി) | ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | പി.എസ്.സി വഴിയാണ് കെ.എസ്.എഫ് ഇ യിലെ സ്റ്റാഫുകളെ നിയമിക്കുന്നത്. അവർക്കു മാത്രമേ ഈ ആനുകൂല്യങ്ങൾ നൽകുന്നുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ കമ്മീഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏജന്റുമാർക്ക് ഇ.പി.എഫ്, ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നതല്ല. |
| (ഇ) | ഏജന്റുമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രയോജനം ലഭിക്കാൻ എന്തൊക്കെ സഹായങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഏജന്റുമാർക്ക് സൗജന്യമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ